**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2746** **10-03-2025 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | 2021-25 കാലയളവിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം കടുത്തുരുത്തി മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾ അനുവദിച്ചിട്ടുണ്ട്; അപ്രകാരം അനുവദിച്ച പദ്ധതികളുടെ പ്രവർത്തന പുരോഗതി ലഭ്യമാക്കാമോ; | (എ) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 2021-25 കാലയളവിൽ പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ പട്ടികതിരിച്ച് ലഭ്യമാക്കാമോ; | (ബി) | മറുപടി (എ ) പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | പ്രസ്തുത മണ്ഡലത്തിൽ പട്ടികജാതി കുടുംബങ്ങൾക്കുള്ള ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര വീടുകളാണ് തിരഞ്ഞെടുത്തത്; ഇതിൽ എത്ര വീടുകൾ പൂർത്തീകരിച്ചുവെന്നും എത്രയെണ്ണം പൂർത്തിയായി വരുന്നുവെന്നുമുള്ളതിന്റെ കണക്ക് ലഭ്യമാക്കുമോ; | (സി) | ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 424 കുടുംബങ്ങളെ പട്ടികയിൽ ഉൾപ്പെടുത്തി. 299 പേർ കരാർ വെച്ചതിൽ, 248 പേരുടെ ഭവന നിർമ്മാണം പൂർത്തിയായി. ബാക്കിയുള്ള 51 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ ആണ്. |
| (ഡി) | ലൈഫിന്റെ മൂന്നാം ഘട്ടത്തിൽ സ്ഥലവും വീടുമില്ലാത്ത എത്ര പേർക്കാണ് ഭവനസമുച്ചയങ്ങൾ അനുവദിച്ചതെന്നും അതിൽ എത്രയെണ്ണം പൂർത്തിയായി വരുന്നുവെന്നും വിശദമാക്കാമോ? | (ഡി) | ലൈഫിന്റെ മൂന്നാം ഘട്ടത്തിൽ പ്രസ്തുത മണ്ഡലത്തിൽ സ്ഥലവും വീടുമില്ലാത്ത ഗുണഭോക്താക്കൾക്ക് ഭവന സമുച്ചയങ്ങൾ അനുവദിച്ചിട്ടില്ല. 361 പേരാണ് ഭൂരഹിതരായി ഉൾപ്പെട്ടിരിക്കുന്നത്. 96 പേർക്ക് ഭൂമി ലഭ്യമായി. 85 പേർ കരാർ ഒപ്പ് വെച്ചതിൽ, 57 പേരുടെ ഭവന നിർമ്മാണം പൂർത്തിയായി. ബാക്കിയുള്ള 28 വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം1

| വർഷം | വില്ലേജ് | നിലവിലെ സ്ഥിതി |
|---|---|---|
| 2021-22 | വട്ടകുന്നപ്പഴ നഗർ | ടി പദ്ധതിയുടെ 55 % വർക്ക് പൂർത്തികരിച്ചു. |
| 2022-23 | ആച്ചിക്കൽ ഐ.എച്ച്.ഡി.പി നഗർ | എസ്റ്റിമേറ്റിൽ ഉൾപ്പെട്ടുത്തിയ പ്രവർത്തികളായ ഓപ്പൺ സ്റ്റേജ്, കളിസ്ഥലനവീകരണം എന്നീ പ്രവർത്തികൾ നടപ്പാക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും 43 സെൻറ് സ്ഥലം കൈമാറി ലഭിക്കേണ്ട സാഹചര്യമുണ്ട്. ഭൂമി സംബന്ധിച്ച തടസ്സങ്ങൾ നീക്കുന്നതിന് ബഹു. കളക്ടർക്കും ആർ.ഡി ഒയ്ക്കും കത്ത് നൽകിയിട്ടുണ്ട്. |
| 2023-24 | മധുരവേലി ഐ.റ്റി.ഐ നഗർ | എസ്റ്റിമേറ്റ് അംഗീകാരത്തിനായി ലഭ്യമായിട്ടില്ല. |

## അനുബന്ധം 11

| ക്രമ നം. | പദ്ധതികൾ | 2021-22 | | 2022-23 | | 2023-24 | | 2024-25 | |
|---|---|---|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| 1 | പഠനമുറി | 32 | 6370000 | 31 | 6140000 | 32 | 3510000 | 13 | 1204000 |
| 2 | ചികിത്സാ ധനസഹായം | 61 | 830000 | 61 | 1234000 | 33 | 390500 | 39 | 707500 |
| 3 | സേഫ് പദ്ധതി | 15 | 2250000 | 15 | 225000 | 47 | 6457225 | 16 | 1126375 |
| 4 | വിവാഹ ധനസഹായം | 64 | 4800000 | 64 | 4800000 | 40 | 3250000 | 19 | 2200000 |
| 5 | വിദേശ തൊഴിൽ | 5 | 200000 | 5 | 200000 | 6 | 200000 | 11 | 900000 |
| 6 | സ്വം തൊഴിൽ | | 66667 | 1 | 66667 | 0 | 0 | 2 | 163666 |
| 7 | മിശ്ര വിവാഹ ധനസഹായം | 9 | 675000 | 9 | 675000 | 8 | 0 | 6 | 450000 |
| 8 | ഭവന പൂർത്തികരണം | 14 | 2070000 | 14 | 2070000 | | | 2 | 360000 |
| | ഏക വരുമാനായകൻ | | | | | | | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 9 | മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം | 6 | 1200000 | 6 | 1200000 | 6 | 600000 | 1 | 200000 |
| 10 | ഭൂരഹിത പുനരധിവാസ പദ്ധതി | 20 | 750000 | 20 | 7500000 | 15 | 3375000 | 15 | 5592000 |
| 11 | സ്പെഷ്യൽ ഇൻസന്റീവ്സ് | 62 | 162500 | 62 | 162500 | 24 | 110000 | 24 | 1260000 |
| 12 | അയ്യൻകാളി സ്കോളർഷിപ്പ് | 27 | 121500 | 27 | 121500 | 59 | 1665000 | 9 | 64000 |
| 13 | ലംസംഗ്രാന്റ് | 814 | 107323 | 814 | 107323 | 826 | 578065 | 564 | 419093 |
| 14 | പ്രൈമറി | 745 | 1266500 | 745 | 1266500 | 750 | 1195100 | 584 | 992800 |
| 15 | സ്റ്റൈപന്റ് | 5 | 10000 | 5 | 10000 | 3 | 10000 | 1 | 2000 |

ഡയറക്ടർക്കു വേണ്ടി
ജോയിന്റ് ഡയറക്ടർ(വികസനം)